ഒരു
അനുഭവകുറിപ്പ്



# മനുഷ്യരെക്കാൾ നന്ദിയുണ്ട് മരങ്ങൾക്ക്

**അന്തരിച്ച പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞൻ  മാധവ് ഗാഡ്ഗിലിന്റെ സംസ്ക്കാര ചടങ്ങ് പകർത്താനെത്തിയ പ്രശസ്ത പിക്ചർ എഡിറ്റർ ആർ.എസ്. ഗോപൻ പങ്കുവെച്ച  ഒരു അനുവഭവകുറിപ്പാണിത്.**

പൂനെ നവിപേടിലുള്ള ശ്മാശനത്തിലേയ്ക്ക് പ്രൊഫസർ മാധവ് ഗാഡ്ഗിനൽ മണ്ണിനോട് യാത്ര പറയുന്ന നിമിഷങ്ങൾ ക്യാമറയിൽ പകർത്താൻ പോകുമ്പോൾ തിക്കിലും തിരക്കിലും പെട്ട് എങ്ങനെ അദ്ദേഹത്തിന്റെ അടുത്തെത്തും എന്നതായിരുന്നു ആശങ്ക.

മഹാരാഷ്ട്രയിലെ വി.ഐ.പികൾ, മന്ത്രിമാർ,എം.എൽ.എ.മാർ, പത്മഭൂഷൺ ജേതാവായ ഈ മണ്ണിന്റെ മഹാന് ആദരാഞ്ജലി അർപ്പിക്കാൻ തിരക്ക് കൂട്ടുന്നുണ്ടാകുമല്ലോ. മറാത്ത മാധ്യമങ്ങളുടെ ക്യാമറയും മറ്റുമായുള്ള തിരക്ക് വേറെയും.

അവിടെ ചെന്നപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. എനിക്ക് സ്ഥലം തെറ്റിയതാകുമെന്നാണ് ആദ്യം കരുതിയത്. ആകെ നാൽപതോ അൻപതോ പേർ.

കൊടിവച്ച കാറുകളിൽ ആരും അദ്ദേഹത്തെ കാണാൻ വന്നിട്ടില്ല. രാഷ്ട്രീയക്കാരുടെ തിരക്കില്ല. പത്മഭൂഷൺ ജേതാവിന് അന്ത്യയാത്ര ചൊല്ലാനും ഉപചാരാ മർപ്പിക്കാനും ഒരു മന്ത്രി പോലുമില്ല. എന്തിന് സ്ഥലത്തെ എം.എൽ.എ. പോലുമില്ല. മറാത്ത, ഇംഗ്ലീഷ്, ഹിന്ദി മാധ്യമ പ്രവർത്തകരെയും കാണാനില്ല.

വളരെ കുറച്ച് മനുഷ്യ സ്നേഹികളുടെ ഇടയിൽ വെറും മണ്ണിൽ വെള്ള പുതച്ചുകിടക്കുന്ന സഹ്യന്റെ പുത്രൻ.

ഔദ്യോഗിക ബഹുമതിയോടെയുള്ള സംസ്കാരമാണ്. ഉപചാരമർപ്പിക്കാനെത്തിയ പോലീസ് സംഘം വഴിതെറ്റി വേറെ എങ്ങോട്ടോ പോയിരിക്കുന്നു. അരമണിക്കൂർ എല്ലാവരും കാത്തുനിന്നു. പോലീസുകാർ എങ്ങനെയൊക്കെയോ വഴി കണ്ടുപിടിച്ചുവരുന്നതുവരെ അനാഥ മൃതദേഹത്തെ ഓർമ്മിപ്പിച്ച മണ്ണിൽ കിടക്കുന്ന മാധവ് ഗാഡ്ഗിൽ.

രണ്ട് വർഷം മുമ്പ് യു.എൻ. ചാമ്പ്യൻ ഓഫ് എർത്ത് ബഹുമതി നൽകി ആദരിച്ച മനുഷ്യന് ആ മണ്ണിൽ ആരുടെയും ശല്യമില്ലാതെ ഉറങ്ങികിടക്കാനാകും ഇഷ്ടം.

എങ്കിലും മനുഷ്യർക്ക് തീരെ നന്ദിയില്ലാതെ പോയല്ലോ എന്ന് ചിന്തിച്ച് ചുറ്റും നോക്കുമ്പോൾ എങ്ങും നിശബ്ദത. കാറ്റിൽ പോലും തലയാട്ടാതെ ഉപചാരപൂർവ്വം നിൽക്കുന്നു മരങ്ങൾ. മനുഷ്യനേക്കാൾ നന്ദി മരങ്ങൾക്കാണ്.

ആ മരങ്ങളുടെ പശ്ചാത്തലത്തിൽ മാധവ് ഗാഡ്ഗിലിനെ അവസാനമായി പകർത്തി തിരിച്ചു നടന്നപ്പോൾ ഫ്രെയിം നിറഞ്ഞു, മനസ്സും.

വൻമരങ്ങൾ വീഴുമ്പോൾ ചുറ്റുമുള്ള മരങ്ങൾ ഇങ്ങനെ ഇലയനക്കാതെ ഔദ്യോഗിക ബഹുമതി അർപ്പിക്കുന്നുണ്ടാകും അല്ലേ ?